പതിനാലാം കേരള നിയമ സഭ
ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 556** **24.01.2018-ലെ മറുപടിക്ക്**

**പി.എം.ഇ.ജി.പി വായ്പ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എൻ. വിജയൻപിള്ള | ശ്രീ.എ.സി.മൊയ്തീൻ<br>( വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | എസ്.ബി.ടി - എസ്.ബി .ഐ ലയനത്തിന് ശേഷം പി.എം.ഇ.ജി.പി വായ്പ അനുവദിക്കുന്നതിന് എസ്.ബി.ഐ വരുത്തുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ & ബി | ഉണ്ട്. ഇതു സംബന്ധിച്ച് ബി.എൽ.ബി.സി, ഡി.എൽ.ആർ.സി , എസ്.എൽ.ബി.സി , എസ്.എൽ.എം.സി തുടങ്ങിയ മീറ്റിംഗുകളിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും ബാങ്കിന്റെ ഭാഗത്ത് നിന്നുണ്ടായ കാലതാമസം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫീൽഡ്തല ഉദ്യോഗസ്ഥർ ബാങ്കിന്റെ ബ്രാഞ്ച് തലത്തിൽ നേരിട്ട് ബന്ധപ്പെട്ട് വായ്പ അനുവദിക്കുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇത്തരം വായ്പ അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിന് എസ്.ബി.ഐ സെൻട്രൽ പ്രോസ്സസ്സിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും രണ്ടാഴ്ചയിലൊരിക്കൽ എസ്.ബി.ഐ ലോക്കൽ ഹെഡ് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ടെന്നും എസ്.ബി.ഐ ഡെപ്യൂട്ടി ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്. |
| ബി | ഈ കാര്യത്തിൽ അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ